**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **21-01-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുത ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി കെ അബ്ദു റബ്ബ് ,<br>ശ്രീ. എം . ഉമ്മർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലേറിയ ശേഷം വൈദ്യുതിബോർഡിന് ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ളതിന്റെ വിവിധയിനം ഉപഭോക്താക്കളിൽ നിന്ന് ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളതുക പിരിച്ചെടുക്കാനായിട്ടുണ്ടോ; | (എ) | 2016 –ന ശേഷം ഒറ്റത്തവണതീർപ്പാക്കൽ പ്രകാരം കേരള ജലഅതോറിറ്റിയുടെ 30.09.2018 വരെയുള്ള കുടിശ്ശികയായ 1326.69 കോടി രൂപയും (6 % പലിശ ഉൾപ്പെടെ) ആരോഗ്യ വകുപ്പിന്റെ 30.06.2020 വരെയുള്ള 5.65 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും 27 കോടി രൂപയും ലഭ്യമായിട്ടുണ്ട് |
| (ബി) | ചാർജ്ജ് അടയ്ക്കാത്തതിന് ചെറുകിട ഗാർഹിക ഉപഭോക്താക്കളെ തീയതി വരെ നിശ്ചയിച്ച് കണക്ഷൻ വിച്ഛേദിക്കുമെങ്കിലും ഇത്തരം വൻകിടക്കാരിൽ നിന്നും കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിൽ മുൻ സർക്കാരുകളിൽ നിന്ന് ഈ സർക്കാർ ഒട്ടും വ്യത്യസ്തമല്ലെന്ന ആക്ഷേപം ശ്രദ്ധിച്ചിട്ടുണ്ടോ; | (ബി) | എല്ലാത്തരം ഉപഭോക്താക്കളുടെയും കുടിശ്ശിക പിരിച്ചെടുക്കുന്നത് ഇലക്ട്രിസിറ്റി സപ്ലൈകോഡിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. എന്നാൽ കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് കുടിശ്ശിക ഒടുക്കുന്നതിന് കൂടുതൽ തവണകളും, കൂടുതൽ സാവകാശവും അനുവദിച്ചത് കാരണം സർക്കാരിന്റെ ശേഷിക്കുന്ന കാലാവധിക്കുള്ളിൽ തന്നെ മുഴുവൻ കുടിശ്ശികയും പിരിച്ചെടുക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുകൾ ഉണ്ട്. |
| (സി) | സർക്കാരിന്റെ ശേഷിക്കുന്ന കാലം കൊണ്ട് പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാനാവുമോയെന്ന് അറിയിക്കുമോ? | (സി) | എല്ലാത്തരം ഉപഭോക്താക്കളുടെയും കുടിശ്ശിക പിരിച്ചെടുക്കുന്നത് ഇലക്ട്രിസിറ്റി സപ്ലൈകോഡിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. എന്നാൽ കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് കുടിശ്ശിക ഒടുക്കുന്നതിന് കൂടുതൽ തവണകളും, കൂടുതൽ സാവകാശവും അനുവദിച്ചത് കാരണം സർക്കാരിന്റെ ശേഷിക്കുന്ന കാലാവധിക്കുള്ളിൽ തന്നെ മുഴുവൻ കുടിശ്ശികയും പിരിച്ചെടുക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുകൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ